പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.3415

14.03.2018 ൽ മറുപടിയ്ക്ക്

വിവിധ വില്പനശാലകളിൽ നിന്ന് സബ്സിഡി സാധനങ്ങൾ വാങ്ങുന്നതായ ക്രമക്കേടുകൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.കെ.എൻ.എ ഖാദർ | ശ്രീ. പി. തിലോത്തമൻ<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി) |
| (എ) ഒരേ റേഷൻ കാർഡ് ഉപയോഗിച്ച് തന്നെ സപ്ലൈകോയുടെ വിവിധ വില്പനശാലകളിൽ നിന്ന് സബ് സിഡി സാധനങ്ങൾ വാങ്ങുന്നതായുള്ള ക്രമക്കേടുകൾ ശ്രദ്ധിച്ചിട്ടുണ്ടോ; | (എ) സപ്ലൈകോ വില്പനശാലകളിൽ നിന്നും ഒരു ഉപഭോക്താവിന്റെ റേഷൻ കാർഡിന് പ്രതിമാസം അനുവദിക്കുന്ന സബ്സിഡി സാധനങ്ങളുടെ അളവിൽ നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ട്. ഈ അളവ് പരിമിതിക്കു ള്ളിൽ നിന്ന് കൊണ്ട് ഒരേ റേഷൻ കാർഡ് ഉപയോഗിച്ച് ഒന്നിലധികം സപ്ലൈകോ വില്പനശാലകളിൽ നിന്ന് സബ്സിഡി സാധനങ്ങൾ വാങ്ങുന്നത് അനുവദനീയമാണ്. |
| (ബി) ഇപ്രകാരം ക്രമക്കേടുകൾ നടക്കുന്നതു മൂലം അർഹരായ എല്ലാ ഉപഭോക്താക്കൾക്കും സബ് സിഡി സാധനങ്ങൾ ലഭിക്കുന്നില്ല എന്നതിനാൽ ഇതൊഴിവാക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ;<br>(സി) ഇത്തരം തട്ടിപ്പുകൾ വർദ്ധിക്കാൻ സാധ്യതയുള്ള ഉത്സവ സീസണുകളിൽ ഇപ്രകാരമുള്ള ക്രമക്കേടുകൾ തടയുന്നതിന് പ്രത്യേക പരിഗണന നൽകി നടപടി സ്വീകരിക്കുമോ? | (ബി) യും (സി) യും സപ്ലൈകോ വില്പനശാലകളിൽ നിന്നും ഒരു ഉപഭോക്താവിന് പ്രതിമാസം അനുവദനീയമായ സബ്സിഡി സാധനങ്ങളുടെ അളവ് നിയന്ത്രണം പാലിക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തുന്നതിന് ഓരോ തവണ സബ്സിഡി സാധനങ്ങൾ വാങ്ങുമ്പോഴും ഉപഭോക്താവിന്റെ റേഷൻ കാർഡിൽ ഓരോ ഇനത്തിന്റെയും വാങ്ങിയ അളവ് രേഖപ്പെടുത്തുകയും ബിൽ തയ്യാറാക്കുന്ന സോഫ്റ്റ് വെയറിൽ റേഷൻ കാർഡ് നമ്പർ ഉൾപ്പെടുത്തുകയും ചെയ്യുന്നുണ്ട്. ഉത്സവ സീസണുകളിലും ഈ രീതി പിന്തുടരുന്നതിനാൽ അളവ് നിയന്ത്രണം കർശനമായി പാലിക്കപ്പെടുന്നു. |

സെക്ഷൻ ഓഫീസർ